LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) മൂന്നു ഓട്ടുവ്യവസായശാലകളും രണ്ടു ടെക്സ്റ്റയിൽ വ്യവസായ ശാലകളും ഉണ്ട്. ഒന്നു്.

(ബി) (1) കാമൺവെൽത്തു് മാനേജ്മെൻറു്.

(2) കാമൺവെൽത്തു് ടെക്സ്ടയിൽ ലേബർ യൂണിയൻ, കണ്ണൂർ.

(3) കാമൺവെൽത്തു് ഇൻഡിപ്പെൻഡൻഡു് വർക്കേഴ്സ് യൂണിയൻ, കണ്ണൂർ എന്നിവയാണു്.

ഗവണ്മെൻറു പ്രതിനിധികളും കൺസിലിയേഷൻ ആഫീസറുമായ ലേബർ കമ്മീഷണർ എഗ്രിമെൻറിൽ ഒപ്പു വച്ചിട്ടുണ്ടു്.

(സി) 112 തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : എഗ്രിമെൻറുണ്ടാക്കിയ അവസരത്തിൽ ഏതു അടിസ്ഥാനത്തിലാണു് പിരിച്ചുവിടാൻ മാനേജ്മെൻറിനു് അധികാരം കൊടുത്തിരുന്നതു്.

ശ്രീ. ടി. വി. തോമസ് : അങ്ങനെ അധികാരം കൊടുത്തിരുന്നുവെന്നു അറിവില്ല. 75 ശതമാനം എഫിഷ്യൻസി നേടുന്നതിനു് സഹകരിക്കാത്തവരുടെ പേരിൽ നടപടിയെടുക്കാൻ മാനേജ്മെൻറിനധികാരമുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : 300 പേരിൽ 112 പേരെ പിരിച്ചുവിടുന്ന കാര്യത്തിൽ ഒരു മദ്ധ്യസ്ഥമായി ഗവണ്മെൻറുകൂടി നിന്നുവെന്നുള്ളതു ശരിയാണോ ?

ശ്രീ. ടി. വി. തോമസ് : അവിടത്തെ തൊഴിലാളികളുടെ പ്രതിനിധികളും 75 ശതമാനം എഫിഷ്യൻസി കൊടുക്കാൻ തയ്യാറാണെന്നു് പറഞ്ഞിട്ടു് അങ്ങനെ കൊടുക്കാത്തതു് തെറ്റാണെന്നു് മാനേജ്മെൻറു് പറഞ്ഞാൽ ഗവണ്മെൻറിനു് ഇക്കാര്യത്തിൽ മറ്റൊരഭിപ്രായമെടുക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പ്രൊഡക്ഷൻ അടുത്തകാലത്തു വർദ്ധിച്ചിട്ടുണ്ടു്. ആ അടിസ്ഥാനത്തിൽ വാസ്തവത്തിൽ തൊഴിലാളികളുടെ പേരിൽ ഒരു നടപടിയെടുക്കാൻ മാത്രമാണു് മുതലാളി പിരിച്ചുവിട്ടിട്ടുള്ളതെന്നു ഗവണ്മെൻറിനു് തോന്നുന്നുണ്ടോ ? അപ്പോലെതന്നെ അവിടെ ശരിക്കു പ്രൊഡക്ഷൻ വർദ്ധിച്ചുകൊണ്ടിരിക്കുകയാണോ എന്നും, ഇന്നത്തെ നിലയിൽ അതിനു് സാദ്ധ്യമാണോ എന്നും ഗവണ്മെൻറു അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. വി തോമസ് : 30 പേരെ പിരിച്ചുവിട്ടതു്, ഇരുകൂട്ടരും സമ്മതിച്ചതിൻറെ അടിസ്ഥാനത്തിൽ അഡ്ജൂഡിക്കേഷനു് വിട്ടിരിക്കയാണു്. ബാക്കിയുള്ളതിൻറെ കാര്യത്തിൽ കൺസിലിയേഷൻ നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ചെയ്യാവുന്ന ജോലികളും ചെയ്തില്ലെങ്കിൽ അവരെ പിരിച്ചുവിടാതെ മാനേജ്മെൻറിനു് എന്തുചെയ്യാൻ സാധിക്കും ?

സിവിൽ സർവ്വീസിലെ ഉദ്യോഗസ്ഥന്മാർ.

*1342(A) [24] ശ്രീ. ഏ. എം. കല്യാണകൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ വിവിധ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ടു് ;

(ബി) ഓരോ തസ്തികയിലും ഉള്ള ജീവനക്കാരുടെ എണ്ണവും, ജാതി തിരിച്ചുള്ള പട്ടികയും മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : മേശപ്പുറത്തു് ഒരു ലിസ്റ്റു് വച്ചിരുന്നു. അതു തന്നെയല്ലേ ഇതിന്റെ ഉത്തരം.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : മേശപ്പുറത്തു വച്ചിട്ടുള്ളതു്, വിവിധ ഡിപ്പാർട്ടുമെന്റുകളിലേതാണു്. ഈ ചോദ്യത്തിൽ വിവിധ തസ്തികകളിലുള്ളതാണു് ചോദിക്കുന്നതു്. തസ്തിക എന്നു പറയുമ്പോൾ ഗ്രേഡ് എന്നാണു ഞാൻ മനസ്സിലാക്കുന്നതു്. അങ്ങനെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടില്ല.

ലോകസഹായകസേനാ ക്യാമ്പു്.

* 1343. [25] ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകസഹായസേനാക്യാമ്പിനു് സ്ഥലം നിശ്ചയിച്ചതാരു് ; ഏതുടിസ്ഥാനത്തിൽ ;

(ബി) കാഞ്ഞിരംകുളത്തു് നടന്നവരുന്ന എൽ. എസ്. എസ്. ക്യാമ്പിനു് ഹൈസ്കൂൾ ഉപയോഗിക്കാൻ സമ്മതം നൽകിയതു് അവിടത്തെ ഹെഡ്മാസ്റ്ററല്ലേ ;

(സി) 1-4-1959-ൽ ടി ഹൈസ്കൂളിൽ വച്ചു നടത്തപ്പെട്ട എൽ. എസ്. എസ്. ക്യാമ്പിന്റെ ഉൽഘാടനം സംബന്ധിച്ച നോട്ടീസ്സുകളും മറ്റും ടി ഹെഡ്മാസ്റ്ററുടെ ജ്യേഷ്ഠൻ റിട്ടേർഡ് ജായിസ്സിനോടു് ചോദിക്കാതെ പരസ്യം ചെയ്തു എന്ന കാരണത്താൽ സ്ഥലം ഗ്രാമസേവകൻ ശ്രീ. ജോസഫിനെ ടി റിട്ടേർഡ് ജായിസ്സൻ അടിച്ചു് അവശനാക്കിയ വിവരം ഗവണ്മെന്റിനറിയാമോ ;

(ഡി) ഈ സംഭവം നിമിത്തം ടി ഉൽഘാടനച്ചടങ്ങുകളും പലതും മുടക്കം വന്നു എന്നു് ഗവണ്മെന്റു് അറിയുന്നുണ്ടോ ;

(ഇ) ടി ഗ്രാമസേവകനെ അടിച്ചു അവശനാക്കിയതു സംബന്ധിച്ചു് നെയ്യാറ്റിൻകര പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു് ഏതു നിലയിലിരിക്കുന്നു ;

(എഫ്) എൽ. എസ്. എസ്. ക്യാമ്പുകൾക്കു സ്ഥലം നൽകുന്ന കാര്യത്തിൽ അതതു് പഞ്ചായത്തുകളുടെ അഭിപ്രായം ആരായുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യുവാൻ ഗവണ്മെന്റിനു് മയവുണ്ടാകുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) അതാതു ഡിസ്ട്രിക്റ്റിലെ കളക്ടറുടെ ശുപാർശയനുസരിച്ചു് സംസ്ഥാനഗവണ്മെന്റു് സ്ഥലം നിശ്ചയിക്കുന്നു. ഇതുസംബന്ധിച്ചു് അവസാന തീരുമാനമെടുക്കുന്നതു് ആർമിഹെഡ്കാർട്ടേഴ്സാണു്.

(ബി) അതേ.

(സി) അതേ. ടി ഗ്രാമസേവകൻ വിവരം റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly